# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2303 — 18.12.2012- ൽ മറുപടിക്ക്

**'ആശ്വാസ്' പദ്ധതി - ഉദ്ദേശ്യലക്ഷ്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. വി.റ്റി. ബൽറാം :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) ആശ്വാസ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | എ) "കുടിശ്ശികയില്ലാത്ത സഹകരണ വായ്പാ സംഘങ്ങൾ" എന്നതാണ് ആശ്വാസ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. കേരളത്തിലെ സഹകരണ മേഖലയിലെ കർഷകരുൾപ്പെടെ ഋണബാദ്ധ്യയിൽപ്പെട്ടിരിക്കുന്ന മുഴുവൻ സഹകാരികളുടെയും കട ബാധ്യത ഒഴിവാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. |
| ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് വായ്പക്കാർക്ക് ഈ പദ്ധതി വഴി നൽകിയിട്ടുള്ളത്; പദ്ധതിയുടെ കാലാവധി എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ? | ബി) ആശ്വാസ് 2012 പദ്ധതിയുടെ കാലയളവിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പകൾ കുടിശ്ശികയായിട്ടുണ്ടെങ്കിൽ നിലവിലിരുന്ന പലിശ നിരക്കോ ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയതു പ്രകാരമുള്ള പലിശ തുകയും മുതലും ഈടാക്കി പിഴപ്പലിശ, നോട്ടീസ് ചാർജ്ജ് മറ്റ് ചാർജ്ജുകൾ എന്നിവ ഒഴിവാക്കി ആർബിട്രേഷൻ, എക്സിക്യൂഷൻ ഫീസുകൾ സംഘം ഒടുക്കിയിട്ടുണ്ടെങ്കിൽ അതും ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. പലിശ ഈടാക്കുമ്പോൾ മുതലിനേക്കാൾ പലിശ തുക അധികരിച്ച് ഈടാക്കുവാൻ പാടുള്ളതല്ല.<br>10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക്, വായ്പകളെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയതിൻ പ്രകാരമുള്ള പലിശയും ടി പലിശ തുകയുടെ 5% ൽ അധികരിക്കാത്ത എസ്റ്റാബ്ലിഷ്മെന്റ് ചെലവും മുതലിനൊപ്പം ഈടാക്കി പിഴപ്പലിശയും മറ്റു ചെലവുകളും ഒഴിവാക്കി |

ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ് എന്നിവ ഈടാക്കിയും വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ വിധവകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, വികലാംഗർ, മാരക രോഗം/മാനസിക രോഗം ബാധിച്ചവർ

അവരുടെ കുടുംബാംഗങ്ങൾ എന്നിവർ എടുത്തിട്ടുള്ള കുടിശ്ശികയായ വായ്പകൾക്ക് പലിശ നിരക്കിൽ ഇളവ് നൽകുന്ന തുക സർക്കാർ റീ-ഇംബേഴ്സ്മെന്റ് ചെയ്തു നൽകുന്നതാണ്. പ്രസ്തുത വിഭാഗം വായ്പകൾക്ക് വായ്പ അനുവദിക്കുമ്പോഴുണ്ടായിരുന്ന പലിശനിരക്കിനേക്കാൾ കുറവാണ് ഇപ്പോഴുള്ള പലിശ നിരക്കെങ്കിൽ കുറഞ്ഞ നിരക്കിൽ വായ്പാ കണക്ക് അവസാനിപ്പിക്കേണ്ടതാണ്.

2012 ജൂലൈ 1 മുതൽ 2012 ആഗസ്റ്റ് 31 വരെയുള്ള 62 ദിവസമാണ് പദ്ധതിയുടെ കാലയളവായി നിശ്ചയിച്ചിരുന്നത്.

**സെക്ഷൻ ഓഫീസർ**